വെയർഹൗസിങ് കോർപറേഷൻ 12 കോടിയോളം രൂപയുടെ പ്രവർത്തന ലാഭത്തിൽ : മന്ത്രി വി. എസ് സുനിൽകുമാർ

ആലപ്പുഴ : സുവർണ്ണമായ കാലഘട്ടത്തിലൂടെയാണ് കേരള വെയർഹൗസിങ് കോർപ്പറേഷൻ ഇന്ന് കടന്നുപോകുന്നതെന്നു മന്ത്രി വി. എസ് സുനിൽകുമാർ. എല്ലാ കാലത്തെയും അപേക്ഷിച്ച് കൂടുതൽ ലാഭം ഈ കഴിഞ്ഞ മൂന്ന് കൊല്ലം കൊണ്ട് ഉണ്ടാക്കിയ ഒരു ഡയറക്ടർ ബോർഡാണ് ഇന്ന് കോർപ്പറേഷന്റെ തലപ്പത്തുള്ളത്. 1435 മെട്രിക് ടൺ സംഭരണശേഷിയോടെ ചെങ്ങന്നൂർ മണ്ഡലത്തിൽ ആരംഭിക്കുന്ന വെയർ ഹൗസിങ് കോർപ്പറേഷന്റെ ഗോഡൗണിന്റെ ശിലാസ്ഥാപന കർമ്മം നിർവഹിക്കുകയായിരുന്നു മന്ത്രി.

ഈ സർക്കാർ അധികാരത്തിൽ എത്തുമ്പോൾ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോയിക്കൊണ്ടിരുന്ന വെയർ ഹൗസിങ് കോർപ്പറേഷൻ ഉത്തരവാദിത്വത്തോടെയും കൂട്ടായ്മയോടെയുള്ള പ്രവർത്തനങ്ങളുടെ ഫലമായാണ് ഇന്ന് മെച്ചപ്പെട്ട നിലവാരത്തിലേക്ക് എത്തിയിരിക്കുന്നത്. സർക്കാരിൻറെ പൂർണ്ണമായ സഹകരണത്തോടുകൂടി നടത്തിയ ആത്മാർത്ഥമായ പ്രവർത്തനത്തെ തുടർന്ന് കോർപ്പറേഷൻ ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായി ഇന്ന് മാറിയിരിക്കുന്നു. ഏകദേശം 12 കോടിയോളം രൂപയുടെ പ്രവർത്തനലാഭത്തിലാണ് കോർപ്പറേഷൻ നിലവിൽ എത്തിയിരിക്കുന്നത്. തൊഴിലാളികളുടെ കാര്യത്തിലും തർക്കങ്ങൾ ഒന്നും ഇല്ലാത്ത രീതിയിൽ പരിഹരിച്ചുകൊണ്ട് കോർപ്പറേഷൻ പ്രവർത്തനങ്ങൾ സുതാര്യമായ രീതിയിൽ നടത്തിക്കൊണ്ടാണ് മുന്നോട്ട് പോകുന്നത്. കൃഷിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 1435 സംഭരണശേഷിയുള്ള ഒരു ഗോഡൗൺ ചെങ്ങന്നൂർ മണ്ഡലത്തിൽ പ്രവർത്തനം ആരംഭിക്കുന്നതോടെ പ്രദേശത്തിനും ഏറെ നേട്ടങ്ങളുണ്ടാകുമെന്നും മന്ത്രി പറഞ്ഞു..

സമ്മേളനത്തിൽ സജി ചെറിയാൻ എം. എൽ. എ അദ്ധ്യക്ഷത വഹിച്ചു. മാവേലിക്കര എം. പി കൊടിക്കുന്നിൽ സുരേഷ് ചടങ്ങിൽ മുഖ്യാതിഥിയായി. വെയർഹൗസിങ് കോർപറേഷൻ ചെയർമാൻ വാഴൂർ സോമൻ, മാനേജിങ് ഡയറക്ടർ പി. എച് അഷ്‌റഫ് ഐ. പി. എസ് ( റിട്ടേ ), മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. രഘുപ്രസാദ്, ജനപ്രനിധികളായ ഇ. എൻ നാരായണൻ, ജേക്കബ് ഉമ്മൻ, സൂരജ്. പി. ബി, ഗിരിജ ശിവകുമാർ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.